TUESDAY 20.02.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/02/2024

1. കോഴിക്കോട് ഫ്രൂട്ട്സ് ആൻറ് സ്പൈസസ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് ഇക്കോ ഷോപ്പിന്റെയും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് മാലിന്യ മുക്ത പഞ്ചായത്ത് ആയി പ്രഖ്യാപിക്കുന്നതിന്റെയും ഉദ്ഘാടനം 2024 ഫെബ്രുവരി 22ന് രാവിലെ 11 മണിക്ക് തിരുവമ്പാടി എംഎൽഎ ലിന്റോ ജോസഫിന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു.

2. മൃഗസംരക്ഷണ വകുപ്പ് കൊല്ലം ജില്ല മൃഗ ക്ഷേമ പുരസ്കാര സമർപ്പണം 2024 ഫെബ്രുവരി 23ന് രാവിലെ 10 മണിക്ക് കൊല്ലം ജില്ല വെറ്റിനറി കേന്ദ്രത്തിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കുന്നു. ജില്ലയിലെ ഏറ്റവും മികച്ച മൃഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തിക്ക്/ സംഘടനയ്ക്ക് സർക്കാർ നൽകുന്ന പതിനായിരം രൂപയുടെ പുരസ്കാരവും ഫലകവും ഈ പരിപാടിയിൽ വച്ച് നൽകുന്നു.

3. ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷന്റെ കീഴിലുള്ള വെള്ളാനിക്കര വാട്ടർമാനേജെന്റ് റിസർച്ച് യൂണിറ്റിൽ നിന്നും WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0480-2702116 എന്ന നമ്പറിൽ വിളിക്കുക.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ കരിങ്കോഴി, ഗ്രാമശ്രീ, ത്രിവേണി ഇനങ്ങളിൽപ്പെട്ട കോഴികുഞ്ഞുങ്ങളുടെ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും കാവേരി, ഗ്രാമശ്രീ ഇനങ്ങളിൽപെട്ട ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ

പൂവൻ ഒന്നിന് 5 രൂപയ്ക്കും പിട ഒന്നിന് 25 രൂപയ്ക്കും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ലഭ്യമാണ്. കോഴി മുട്ട ഒന്നിന് 5.50/-നും കോഴി വളം കിലോയ്ക്ക് 3 രൂപയ്ക്കും എല്ലാ ദിവസങ്ങളിലും ലഭ്യമാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ പൗൾട്രി ഫാം മണർകാട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481- 2373710, 8301897710

6. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലക്സിൽ മൂന്ന് രൂപയ്ക്ക് കോഴി വളം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാല- കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രത്തിൽ വെച്ച് പച്ചക്കറി തൈകളിലെ ഗ്രാഫ്റ്റിങ് എന്ന വിഷയത്തിൽ 24.02.2024 രാവിലെ 10.0 മണി മുതൽ 1 മണി വരെ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 04952935850, 9188223584 എന്നീ ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോട്ടയം ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഫെബ്രുവരി 21, 22 തീയതികളിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് 8590798131 വാട്സ്ആപ്പ് മുഖേന പേര് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0479 2457778 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഫെബ്രുവരി 21 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2024 ഫെബ്രുവരി 22, 23 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**